




**കരിങ്കാലി എന്നവാക്ക് മലയാളികൾക്കിടയിൽ സർവ്വ സാധാരണമാക്കിയ കരുണാകരന്റെ മരണശേഷം പുരോഗതിയുടെ മിശിഹയായി, സ്റ്റേറ്റ്സ്മാനായി, ആശ്രിതവത്സലരുടെ രക്ഷകനായി, ഭീഷ്മാചാര്യരായി അദ്ദേഹം വാഴ്ത്തപ്പെടുന്നതിന് പിന്നിലെ ഹിപ്പോക്രസി തുറന്നുകാട്ടുന്നു കെ.എ. മുഹമ്മദ്**

# ഹിപ്പോക്രസി നീണാൾ വാഴട്ടെ

### ശവഘോഷയാത്ര

എന്താ അമ്മേ ഒരു ശബ്ദം കേൾക്കുന്നത്. വല്ല പൂരോം വരുന്നുണ്ടോ. നീ ഉറങ്ങിക്കോ കുട്ട്യേ. അതൊരു ശവഘോഷ യാത്രയുടെ ശബ്ദമാണ്. വിലാപയാത്രയോ ഈ നേരത്ത്. അമ്മേ അത് ആരുടേതാണ്. നീ പിച്ചും പേയും പറയാതെ കിടന്നോ കൊച്ചേ. നാളെ പള്ളിക്കൂടത്തിൽ പോകേണ്ടേ. ഓ! നാളെ അവധിയാണല്ലോ. അമ്മയുടെ ആത്മഗതം അവൻ പാതി നിദ്രയിലറിഞ്ഞു. എന്റെ കുഞ്ഞേ നീ ഉറങ്ങ്.

രഘുപതി രാഘവ രാജാറാം........

അടുത്തടുത്ത് വരുന്നുണ്ടല്ലോ ആ ശബ്ദം. ക്ലോക്കിന്റെ മിടിപ്പ് നിന്നു. കുട്ടി പെട്ടെന്നാണ് ചോദിച്ചത്. ആരാണ് അമ്മേ മരിച്ചത്. നാളെ സ്കൂൾ അവധിയാണെന്ന സന്തോഷത്തിൽ അവൻ വീണ്ടും ഉറക്കത്തിലേക്ക് ആണ്ടുപോയി. പിന്നെയും ഞെട്ടിയുണർന്ന് ചോദിച്ചു. ആരാണ് അമ്മേ മരിച്ചത്. കുട്ടീ നീ ഉറങ്ങ്. നിനക്കറിയില്ല. അല്ലെങ്കിൽ നീ എന്തിനിതൊക്കെ അറിയണം. നിന്റെ അച്ഛൻ ഉറക്കത്തിൽ എന്നും ഞെട്ടിയുണരാറുണ്ടായിരുന്നു. ആ പേക്കിനാവുകളിൽ അയാൾ ദംഷ്ട്രകൾ കാട്ടി കടന്നുവരും. ഒരുനാൾ പോലും നിന്റെ അച്ഛൻ സ്വസ്ഥമായി ഉറങ്ങിയിട്ടില്ല. എല്ലാറ്റിനും കാരണക്കാരനാണയാൾ. അയാളുടെ മൃതദേഹവും വഹിച്ചുകൊണ്ടുള്ള ഘോഷയാത്രയാണ് നഗരങ്ങളെയും ഗ്രാമങ്ങളേയും കിടിലം കൊള്ളിച്ച് കടന്നുപോകുന്നത്.

മോനെ നിന്റെ അച്ഛനെ ഇയാളുടെ.....

നീയതൊന്നും അറിയണ്ട കുഞ്ഞേ എത്രയെത്ര അച്ഛന്മാർ ജീവച്ഛവങ്ങളായി. എത്രയെത്ര കുട്ടികൾ കാരാഗൃഹത്തിലടക്കപ്പെട്ടു. പഠിക്കാൻ പോയ ഒരു മകനെ കാത്തിരുന്ന് കണ്ണടഞ്ഞുപോയ ഒരു അച്ഛന്റെ വിലാപം ആരും കേട്ടില്ല. അവൻ ഒരിക്കലും തിരിച്ചുവന്നില്ല. ഉറക്കത്തിൽ നിന്ന് വീണ്ടും ഞെട്ടിയുണർന്ന് കുട്ടി ചോദിച്ചു. ആരാണ് അയാൾ അമ്മേ. എനിക്ക് പേടിയാകുന്നു. പെട്ടെന്ന് വാഹനങ്ങൾ ഇരമ്പി കടന്നുപോയി. ശവഘോഷയാത്ര നഗരം വലംവെച്ചു. ദൈവമേ എന്റെ കുഞ്ഞിനെ കാക്കണേ.




## ഹിപ്പോക്രസി

എത്ര പെട്ടെന്നാണ് എല്ലാം മറവിയിലേക്ക് പതിച്ചത്. ചലച്ചിത്രപാട്ടിൽ പറഞ്ഞപോലെ മറവി അനുഗ്രഹമോ? അതോ സൗകര്യമോ? മറവി തൻ മാറിടത്തിൽ മയങ്ങാൻ കേരളീയന് അത്ര പെരുത്ത് ബുദ്ധിമുട്ടുന്നുമില്ല. അല്ലെങ്കിൽ എന്തിനാണ് ഒരു അന്യാപദേശകഥപോലെ ഇക്കാര്യം പറയാൻ ശ്രമിക്കുന്നത്. അതും ഒരു ജാഡയല്ലേ. നേരെയങ്ങ് പറഞ്ഞാൽ പോരേ. അതിന് ഹിപ്പോക്രസി അനുവദിക്കേണ്ടെ. അത് തന്നെയാണ് ശാപം. അതിൽ നിന്ന് കുതറിചാടാൻ മലയാളിക്കാവുമോ. ഇല്ല. അത് സാമൂഹികമാണ്. അതിൽ നിന്ന് വേർപ്പെട്ട് കേരളീയന് തിളക്കാൻ മാത്രം ചോരയില്ലാതായി ഞരമ്പുകളിൽ. ഇനിയൊട്ട് അഭിമാന പൂരിതമാവുകയുമില്ല.

കരിങ്കാലി എന്നവാക്ക് സർവ്വസാധാരണമായതും മലയാള നിഘണ്ടുവിൽ ഇടം നേടിയതും കരുണാകരന്റെ കാലത്തോടെയാണല്ലോ. മരണാനന്തരം ചാക്കാലയിൽ ചൊല്ലിയാടിയപ്പോൾ ലീഡറെ വിശേഷിപ്പിക്കാൻ പദങ്ങളില്ലാതായി. പുരോഗതിയുടെ മിശിഹയായി, സ്റ്റേറ്റ്സ്മാനായി, ആശ്രിതവത്സലരുടെ രക്ഷകനായി. ഭീഷ്മാചാര്യരെ പൊറുക്കുക. നിങ്ങളേയും വലിച്ചിഴച്ചു വിരുതന്മാർ. പലരും വിശേഷിപ്പിക്കാൻ വാക്കുകൾ കിട്ടാതെ ഗദ്ഗദകണ്ഠരായി. അവർക്ക് മുഴുമിക്കാൻ കഴിഞ്ഞില്ലെന്ന് പത്രഭാഷ്യം, ദൃശ്യഭാഷ്യം. എന്തൊരു ഹിപ്പോക്രസി! ഒറ്റ കുഞ്ഞിനേയും കണ്ടില്ല, അയാൾക്ക് തുണിയില്ലെന്ന് പറയാൻ. അങ്ങനെയൊരു നിഷ്കളങ്കകുട്ടി ഇനി ചിത്രകഥയിൽ മാത്രമാകും. ആരുടേയും കുറ്റം കൊണ്ടല്ല അങ്ങനെ സംഭവിക്കുന്നത്. അതൊരു സാമൂഹ്യ പരിണതിയാണ്.

കണ്ണൂരിൽ നിന്ന് ചിത്രം വര പഠിക്കാൻ എത്തിയ കൃഷ്ണഭക്തന്റെ പേരാണത്രേ തൃശൂർ ഫൈനാർട്സ് കോളേജിന് ചാർത്താൻ പോകുന്നത്. ഇടതുപക്ഷക്കാരന്റെ രാജഭക്തി അതിഗംഭീരമായിപ്പോയി. എന്നാലും ഇത്രയ്ക്കും വേണ്ടിയിരുന്നോ– നിങ്ങളൊന്നിനൊന്ന് മത്സരിച്ച് പറയുകയായിരുന്നില്ലേ. സാംസ്കാരിക വകുപ്പ് എല്ലാവരെയും കടത്തിവെട്ടിയതാണെന്ന് തോന്നുന്നു. എന്നാലും പിണറായി നിങ്ങൾക്കെങ്കിലും പറയാമായിരുന്നില്ലേ– ഓ! കണ്ണൂർകാരനായിപ്പോയല്ലോ.

പണ്ടൊക്കെ പറഞ്ഞു കേട്ടിട്ടുള്ളത് കമ്മ്യൂണിസ്റ്റുകാരല്ലേ, അവരങ്ങനെ മേലും കീഴുമൊന്നും നോക്കില്ല. ഏത് കൊലകൊമ്പനായാലും അവർ വിടില്ല. ഇന്നലെ വരെയും ഞങ്ങൾ അങ്ങനെ വിശ്വസിച്ചു നടന്നു. എന്നാലും സഖാവെ മറക്കാൻ പാടില്ലായിരുന്നു അഴീക്കോടന്റെ കൊലയെ, നവാബ് രാജേന്ദ്രനെ, അടിയന്തരാവസ്ഥയിലെ രക്തസാക്ഷി രാജനെ. ഇതൊക്കെ ഇത്ര പെട്ടെന്ന് മറക്കാൻ കഴിയുമോ. വൈരുദ്ധ്യാതിഷ്ഠിത ഭൗതികവാദത്തിന്റെ സൂക്ഷ്മതയിൽ ഇന്നലത്തെ ശത്രു നാളത്തെ മിത്രം. സ്റ്റാലിൻ– ഹിറ്റ്ലർ ഉടമ്പടി ഇവിടം താരതമ്യം ചെയ്യാനാവുമോ എന്തോ. സഖാക്കളെ ഒരുനാൾ കബോടുകൾ തുറക്കപ്പെടും. അന്ന് അസ്ഥി പഞ്ചരങ്ങളും തലയോട്ടികളും നിങ്ങളെ തുറിച്ചു നോക്കും. നിങ്ങൾ ഈ പണി ചെയ്യരുതായിരുന്നെന്ന് അവർ തേങ്ങിക്കരയും.

ഹിപ്പോക്രസി നീണാൾ വാഴട്ടെ.

*പിൻക്കുറിപ്പ്:*

*അടിയന്തരാവസ്ഥ തടവുകാരുടെ രാഷ്ട്രീയ തടവുകാരായി അംഗീകരിക്കുന്ന കാര്യവും അവർക്ക് പെൻഷൻ നൽകുന്ന കാര്യവും തല്ക്കാലം പരിഗണനയിൽ ഇല്ലെന്ന് മുഖ്യമന്ത്രി അച്യുതാനന്ദൻ കരുണാകരന്റെ സ്വർഗ്ഗയാത്രക്ക് ഉറപ്പുകൊടുത്തു.*